## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 137 06.03.2017-ലെ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. ലാഭത്തിലാക്കുവാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>" തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>" പി.ടി. തോമസ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയെ കടക്കെണിയിൽ നിന്ന് കരകയറ്റി ലാഭത്തിലാക്കുവാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.റ്റി.സി.യുടെ പുനരുദ്ധാരണം സംബന്ധിച്ച് പഠനം നടത്തുന്നതിനായി കൊൽക്കത്ത ഐ.ഐ.എമ്മിലെ പ്രൊഫ. സുശീൽ ഖന്നയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതോടൊപ്പം പുതിയ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ 300 കോടി രൂപ ചെലവിൽ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചിലവ്.<br>1. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. / LNG ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്.<br>2. കടഭാരം കുറയ്ക്കുന്നതിന് ധനകാര്യ പുനഃസംഘടന ഉണ്ടാക്കുന്നതാണ്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാനദായകമാക്കുകയും ചെയ്യുന്നതാണ്.<br>3. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദനക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ അപകട |

| | | | |
|---|---|---|---|
| | | | ങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയ ബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്.<br>4. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ഡ്രൈവർമാർക്ക് 100 രൂപ പ്രതിദിന ഇൻസെന്റീവ് നല്കുന്നുണ്ട്.<br>5. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത്മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കാണുകയും ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാത്തരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രികാലങ്ങളിലാണ് നടത്തിവരുന്നത്. |
| (ബി) | സുശീൽഖന്ന കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ പ്രസ്തുത പദ്ധതി തയ്യാറാക്കുന്നത്; | (ബി) | അല്ല. |
| (സി) | പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കുന്നതിന് മുമ്പ് കെ.എസ്.ആർ.ടി.സി. യിലെ അംഗീകൃത സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | അംഗീകൃത സംഘടനകളുമായി ചർച്ച നടത്തുന്നതാണ്. |
| (ഡി) | സി.എൻ.ജി. ബസ്സുകൾ വാങ്ങുന്ന പദ്ധതി ഏത് ഘട്ടത്തിലാണ്; ഇതിനുള്ള തുക കിഫ്ബിയിൽ നിന്ന് ഉറപ്പാക്കിയിട്ടുണ്ടോ; ഇതിനകം എത്ര തുക ലഭ്യമാക്കി; | (ഡി) | പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ 300 കോടി രൂപയ്ക്ക് നിരത്തിലിറക്കുന്നതിനുള്ള ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ടി തുക കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>കെ.എസ്.ആർ.ടി.സി. കംപ്രസ്ഡ് നാച്ചറൽ ഗ്യാസ് (CNG)-ലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ സി.എൻ.ജി. ഇന്ധനം കൊച്ചിയിൽ ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | എന്നാൽ ഇവ വാഹനങ്ങളിൽ നിറയ്ക്കുന്നതിന് ആവശ്യമായ ഡിസ്പെൻസിംഗ് യൂണിറ്റുകൾ നിലവിൽ കേരളത്തിൽ സ്ഥാപിതമായിട്ടില്ല. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.യുടെ ആലുവ റീജിയണൽ വർക്ക്ഷോപ്പിലും കെ.യു.ആർ.ടി.സി. യുടെ ആസ്ഥാനമായ തേവരയിലും, തിരുവനന്തപുരം ആനയറയിലും കൊല്ലം, തൃശ്ശൂർ, കണ്ണൂർ, തലശ്ശേരി എന്നിവിടങ്ങളിലും സി.എൻ.ജി ഡിസ്പെൻസിംഗ് യൂണിറ്റുകൾ സ്ഥാപിച്ച് ഇന്ധനം വിതരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി കഴിഞ്ഞു.<br>നിലവിൽ ടി പദ്ധതിക്കായി കിഫ്ബിയിൽ നിന്നും തുക ലഭ്യമാക്കിയിട്ടില്ല. |
| (ഇ) | കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പ് നവീകരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനുമുള്ള ബാധ്യത സർക്കാർ വഹിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പ് നവീകരണത്തിനും വികസനത്തിനുമായി 2016-17 വാർഷിക പദ്ധതിയിൽ 9 കോടി രൂപയും കെ.എസ്.ആർ.ടി.സി.യിൽ കമ്പ്യൂട്ടർ വൽക്കരണത്തിനായി 11 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ